കേരള സർക്കാർ
സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - തണൽ ഭവന പദ്ധതി - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സംസ്ഥാന സഹകരണ ബാങ്കിന് നൽകുവാനുള്ള വായ്പാ കുടിശ്ശിക തിരിച്ചടവ് - ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഗഡുക്കളിൽ നിന്നും കുറവ് വരുത്തി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം.3379/14/തസ്വഭവ തിരുവനന്തപുരം, തീയതി : 19.12.2014.**

**പരാമർശം - 1. സ.ഉ.(സാധാ) നം. 1579/14/തസ്വഭവ,തീയതി 09/07/2014.**
**2. ഗ്രാമവികസന കമ്മീഷണറുടെ 16.09.2014 ലെ 16623/JRY1/14/CRD നമ്പർ കത്ത്.**

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നോഡൽ ഏജൻസിയായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ തണൽ ഭവന പദ്ധതിയ്ക്കുവേണ്ടി ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിയ്ക്കണമെന്ന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ള തുക ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വികസന ഫണ്ടിന്റെ ഇനി അനുവദിയ്ക്കുവാനുള്ള ഗഡുക്കളിൽ നിന്നും ജനറൽ, എസ് സി പി, ടി എസ് പി സെക്ടർ ഭേദമെന്യേ തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ് കുറവ് വരുത്തേണ്ടതാണെന്ന് ഉത്തരവായിരുന്നു.

എന്നാൽ മേൽ ഉത്തരവ് നടപ്പാക്കുന്നതിന് സാങ്കേതികമായ തടസ്സങ്ങളുണ്ടെന്നും ആയതിൻമേൽ സ്പഷ്ടീകരണം നൽകണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കും പ്രകാരം തിരുത്തൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ള പരാമർശം(1) ഉത്തരവ് പ്രകാരമുള്ള തുക ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വികസന ഫണ്ടിന്റെ ഇനി അനുവദിയ്ക്കുവാനുള്ള ഗഡുക്കളിൽ (ജനറൽ സെക്ടർ) നിന്ന് പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും, ഗ്രാമവികസന കമ്മീഷണറും കുറവ് വരുത്തേണ്ടതാണ്.

ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളുടെ വികസനഫണ്ടിൽ നിന്നും കുറവു വരുത്തുന്ന തുക പഞ്ചായത്ത് ഡയറക്ടറും, കോർപ്പറേഷൻ/നഗരസഭകളുടെ വികസനഫണ്ടിൽ നിന്നും കുറവു വരുത്തുന്ന തുക നഗരകാര്യ ഡയറക്ടറും,ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും കുറവു വരുത്തുന്ന തുക ഗ്രാമവികസന കമ്മീഷണറും കേരള സംസ്ഥാന സഹകരണ ബാങ്കിന് അടവാക്കി ബാധ്യത പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സി.വൽസല**

ജോയിൻറ് സെക്രട്ടറി,

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (LBA &A)) തിരുവനന്തപുരം.
സെക്രട്ടറി/പ്രസിഡൻറ് ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.
ഡയറക്ടർ ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
രജിസ്ട്രാർ, കോഓപ്പറേറ്റീവ് സൊസൈറ്റീസ്.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ,തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.ബി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ